മാതൃഭൂമി
03 February 2024

# കടലാഴങ്ങളിലെ കൗതുകക്കാഴ്ചകൾ

## സി.എം.എഫ്.ആർ.ഐ.യിലെ ഓപ്പൺ ഹൗസ് പ്രദർശനം കാണാനെത്തിയത് ആയിരങ്ങൾ




സി.എം.എഫ്.ആർ.ഐ.യുടെ സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി മറൈൻ ബയോ ഡൈവേഴ്സിറ്റി മ്യൂസിയത്തിൽ ഒരുക്കിയ അക്വേറിയത്തിലെ സിംഹമത്സ്യത്തിന്റെ ചിത്രമെടുക്കുന്ന കുട്ടി | ഫോട്ടോ: എം.വി. സിനോജ്

**കൊച്ചി** ▸ കടലിനടിയിൽ എന്തൊക്കെ? കരയിലുള്ളവർ എന്നും ഉത്തരം തേടുന്നൊരു ചോദ്യം. സി.എം.എഫ്.ആർ.ഐ.യിൽ വെള്ളിയാഴ്ച കടലാഴങ്ങളിലെ കൗതുകക്കാഴ്ചകളുടെ 'മിസ്റ്ററി ബോക്സ്' തുറന്നു. വിദ്യാർഥികളും ഉൾപ്പെടെയുള്ളവർ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ ഓപ്പൺ ഹൗസ് പ്രദർശനം കണ്ട് അന്തംവിട്ടു!

രാജകീയ പ്രൗഢിയും ഭീമൻ രൂപവുമുള്ളതിനാൽ ചക്രവർത്തി മത്സ്യം എന്നു വിളിക്കുന്ന ഹംപ്ഹെഡ് റാസ്, ഏറ്റവും വലിയ മത്സ്യമായ തിമിംഗില സ്രാവ്, വിലകൂടിയ മുത്തുകൾ തുടങ്ങി ആഴക്കടലിന്റെ അറിയാക്കാഴ്ചകൾ കാണാൻ ആയിരങ്ങളാണെത്തിയത്. 77-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ചാണ് സി.എം.എഫ്.ആർ.ഐ. പൊതുജനങ്ങൾക്കായി തുറന്നിട്ടത്.

മ്യൂസിയം, വിവിധ പരീക്ഷണശാലകൾ, മറൈൻ അക്വേറിയം, ലൈബ്രറി, ഹാച്ചറികൾ, കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം എന്നിവ കാണാനെത്തിയവരിൽ ഭൂരിഭാഗവും വിദ്യാർഥികളായിരുന്നു.

ചുറ്റികത്തലയൻ സ്രാവ്, പുലി സ്രാവ്, പേപ്പർ സ്രാവ്, കാക്ക തിരണ്ടി, മൂക്കൻ തിരണ്ടി, ഗിത്താർ മത്സ്യം, സിംഹമത്സ്യം, കല്ലൻ വറ്റ തുടങ്ങിയ മത്സ്യയിനങ്ങളും വിവിധയിനം ചെമ്മീൻ, ഞണ്ട്, കണവ, കൂന്തൽ, നീരാളി, കക്കവർഗ ഇനങ്ങളും വിവിധ ലാബുകളിൽ പ്രദർശിപ്പിച്ചു.